**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 963** **10-06-2021 - ൽ മറുപടിയ്ക്ക്**

**തുപ്പാറ, മാത്തൂർ, ചിറ്റൂർകടവ് പാലങ്ങളുടെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ യു ജനീഷ് കുമാർ | | **Shri. K. Rajan**<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പമന്ത്രി) | |
| (എ) | റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് നിർമ്മാണം ആരംഭിച്ച തുപ്പാറ, മാത്തൂർ, ചിറ്റൂർകടവ് പാലങ്ങളുടെ തുടർ നിർമ്മാണത്തിന്റെ പ്രാരംഭ പ്രവർത്തനത്തിന് ഡിസൈൻ സ്ലാബിന്റെ ചേഞ്ച് സംബന്ധിച്ച് സാങ്കേതിക പഠനം നടത്തുന്നതിന് തിരുവനന്തപുരം കോളേജ് ഓഫ് എഞ്ചിനീയറിംഗിനെയും മേൽനോട്ടം നിർവ്വഹിക്കുന്നതിന് ലാന്റ് റവന്യൂ കമ്മീഷണറെയും 22-10-2020-ന് ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ചുമതലപ്പെടുത്തിയിരുന്ന സാഹചര്യത്തിൽ, ആയതിന്റെ തുടർ നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ? | (എ) | 22/10/2020-ൽ റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ സംസ്ഥാന ഉന്നതതല സമിതി യോഗത്തിൽ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ പത്തനംതിട്ട ജില്ലാ കളക്ടർ തിരുവനന്തപുരം കോളേജ് ഓഫ് എഞ്ചിനീയറിംഗ് അധികാരികളുമായി ബന്ധപ്പെട്ടു കയും സാങ്കേതിക പഠനത്തിന് ആവശ്യപ്പെട്ട രേഖകൾ കൈമാറുകയും ഉണ്ടായി. നിലവിൽ സാങ്കേതിക പഠനം ആരംഭിക്കുന്നതിന് സാധിച്ചിട്ടില്ല എന്ന വിവരം ആണ് കോളേജ് പ്രിൻസിപ്പലിൽ നിന്നും അറിയുവാൻ സാധിച്ചിട്ടുള്ളത് എന്ന് ലാന്റ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് നൽകിയിട്ടുണ്ട്. കൂടുതൽ സാങ്കേതിക വിവരങ്ങൾ ആവശ്യപ്പെട്ട കൊണ്ട് കോളേജ് ഓഫ് എഞ്ചിനീയറിംഗ് അധികാരികൾ കത്ത് നൽകുകയും ടി വിവരങ്ങൾ നൽകുന്നതിന് ജില്ലാ നിർമ്മിതി കേന്ദ്രത്തിനും, കൺസൾട്ടിംഗ് ഏജൻസിക്കും പത്തനംതിട്ട ജില്ലാ കളക്ടർ കത്ത് നൽകിയിട്ടുള്ളതുമാണ്. അതോടൊപ്പം സാങ്കേതിക പഠനം പൂർത്തീകരിച്ച് അടിയന്തിരമായി റിപ്പോർട്ട് നൽകുന്നതിന് തിരുവനന്തപുരം കോളേജ് ഓഫ് എഞ്ചിനീയറിംഗ് പ്രിൻസിപ്പാളിനും നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ